വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ, ബി & സി) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ, 2005-2006 വർഷത്തിൽ, എം.ബി.എ. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് 10 വിദ്യാഭ്യാസ ഏജൻസികൾക്ക് സർക്കാർ എൻ. ഒ. സി. നൽകിയിട്ടുണ്ട്. ഇവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.† ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും ഈ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ അനുവാദം നൽകുന്നത്.

സംസ്ഥാനത്ത് പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെ ആവശ്യകതയെക്കുറിച്ച് പഠിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അടുത്ത അദ്ധ്യയനവർഷം പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടില്ല.

സംസ്ഥാനത്ത് ഇനി ബി.എഡ്. കോളേജുകൾക്ക് എൻ. ഒ. സി. നൽകുന്നതിന് മുമ്പ്, വിദഗ്ദ്ധരുടെ ഒരു കമ്മിറ്റി രൂപീകരിച്ച് പഠനം നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്. പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കുന്നതിനുള്ള ശുപാർശകൾ സർവ്വകലാശാലകൾ സമർപ്പിക്കുന്ന അവസരത്തിൽ മാത്രമേ, ഇത് സംബന്ധിച്ച തീരുമാനം എടുക്കുകയുള്ളൂ.

2005-2006/2006-2007 വർഷങ്ങളിലേക്കായി, 6 ഫാർമസി കോളേജുകൾ ആരംഭിക്കുന്നതിന് എൻ. ഒ. സി. നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പഠനം ഒന്നും നടത്തിയിട്ടില്ല. വിശദാംശം അനുബന്ധമായി ചേർക്കുന്നു.† മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ 6 സ്വകാര്യ മാനേജ്മെന്റുകൾക്കും, ഡെന്റൽ കോളേജുകൾ ആരംഭിക്കുവാൻ 2 സ്വകാര്യ മാനേജ്മെന്റുകൾക്കും എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇവ കൂടാതെ ഡെന്റൽ കോളേജുകൾ ആരംഭിക്കുവാൻ 14 സ്വകാര്യസ്ഥാപനങ്ങൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുവാൻ തീരുമാനം എടുത്തുകഴിഞ്ഞു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.† അടുത്ത അദ്ധ്യയനവർഷം നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇവയ്ക്ക് അനുമതി നൽകുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

ശ്രീനാരായണ ഗുരുദേവന്റെ ജീവചരിത്രവും കൃതികളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

21 [*138] ഡോ. കെ. സി. ജോസഫ് :

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ:

,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം II, IIA, IIB

LIBRARY ARCHIVES Kerala Legislative Assembly

(എ) ശ്രീനാരായണ ഗുരുദേവന്റെ ജീവചരിത്രവും കൃതികളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാരിന്റെ ഭാഗത്തുനിന്നും എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 5 മുതൽ 10 വരെയുള്ള സ്റ്റാന്റേർഡുകളിലെ മലയാള പാഠാവലിയിൽ ശ്രീനാരായണ ഗുരുദേവൻ രചിച്ച കൃതികൾ പൂർണ്ണമായോ ഭാഗികമായോ ഉൾപ്പെടുത്തണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) പത്താം സ്റ്റാന്റേർഡിലെ മലയാളം ഉപപാഠപുസ്തകമായി ശ്രീനാരായണ ഗുരുദേവന്റെ ജീവചരിത്രം ഉൾപ്പെടുത്തണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) ശ്രീനാരായണ ഗുരുദേവന്റെ ജീവചരിത്രവും പ്രവർത്തനങ്ങളും പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് താഴെ പറയുന്നു:

1. 5-ാം തരത്തിലെ സാമൂഹ്യശാസ്ത്രത്തിൽ "സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾ" എന്ന ഭാഗത്ത് ഗുരുദേവന്റെ സന്ദേശങ്ങളെ സംബന്ധിച്ച വിവരം നൽകിയിട്ടുണ്ട്.

2. 8-ാം തരത്തിലെ സാമൂഹ്യശാസ്ത്രത്തിൽ "കേരള സംസ്കാരത്തിന്റെ ഇന്നലെകൾ" എന്ന പാഠഭാഗത്ത് ഗുരുദേവന്റെ ദർശനങ്ങളെപ്പറ്റി വിശദമാക്കുന്നുണ്ട്.

3. 9-ാം തരത്തിലെ മലയാള പാഠപുസ്തകത്തിൽ "ഒരു ജാതി, ഒരു മതം" എന്ന പേരിൽ ഗുരുദേവന്റെ ദർശനങ്ങൾ ചർച്ച ചെയ്യുന്ന പാഠം ഉൾപ്പെടുത്തിയിട്ടുണ്ട്.

4. 10-ാം തരത്തിലെ ചരിത്രവിഭാഗത്തിൽ ഗുരുദേവന്റെ തത്വങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇനി പാഠപുസ്തകങ്ങൾ പരിഷ്കരിക്കുമ്പോൾ പരിശോധിക്കുന്നതാണ്.

(ഡി) ഉണ്ട്.

10-ാം തരത്തിലെ ഉപപാഠപുസ്തകമായി ഇപ്പോൾ വൈക്കം മുഹമ്മദ് ബഷീറിന്റെ "പാത്തുമ്മയുടെ ആട്" ആണ് നിലവിലുള്ളത്. ആയത് മാറ്റുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly